**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ-പൊതുവിതരണ മേഖലയിലെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ പിന്തുടർന്നുവരുന്ന ഉദാരവൽക്കരണ സാമ്പത്തിക നയത്തിന്റെ ഫലമായി സാർവത്രിക പൊതുവിതരണ സമ്പ്രദായം തകരുകയും രാജ്യത്താകെ വിലക്കയറ്റവും ഭക്ഷണക്ഷാമവും രൂക്ഷമാകുമ്പോൾ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഭക്ഷ്യ-പൊതുവിതരണ രംഗത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണി വിലയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങളും പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതു വിപണിവിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നല്കിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ |

| | | | |
|---|---|---|---|
| | | | അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. ഇവിടെ കേവലം 20/- രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കും. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഒരു 'Price Monitoring Cell' സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | ഭക്ഷ്യ-പൊതുവിതരണ മേഖലയിൽ നിലവിലെ സംവിധാനങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇതുവഴി എന്തൊക്കെ മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | ഭക്ഷ്യ-പൊതുവിതരണ മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• എൻഡ് റ്റു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം എന്നിവ മുഖമുദ്രയായുള്ള ഭക്ഷ്യഭദ്രതാ നിയമം-2013, 01.11.2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി.<br>• റേഷൻ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള വെബ്-പോർട്ടൽ സംവിധാനം ആരംഭിച്ചു.<br>• 97.99% ആധാർ സീഡിംഗ് നടപ്പിലാക്കി.<br>• എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചു. ഇതിലൂടെ ഗുണഭോക്താക്കളുടെ ബയോമെട്രിക് പരിശോധന നടത്തി യഥാർത്ഥ ഉപഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞു.<br>• സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും ഒരു ഏകീകൃത മാതൃക നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | • സപ്ലൈകോയുടെ പർച്ചേസ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്ന സാങ്കേതിക സംവിധാനങ്ങൾ നടപ്പിലാക്കി.<br>• കേന്ദ്ര ഏജൻസികളിൽ നിന്നും നേരിട്ട് പർച്ചേസ് നടത്തുന്ന സംവിധാനം നടപ്പിലാക്കി.<br>• ഓൺലൈൻ വിപണനം, ഹോം ഡെലിവറി സംവിധാനം എന്നിവ സപ്ലൈകോ മുഖേന നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ